jaagrathayude
Keraleeyam
Rs. 25/-
2013 September

പാരിസ്ഥിതിക പ്രശ്നം കാരണം ഒരു വ്യവസായം അടച്ചുപൂട്ടേണ്ടി വരുമ്പോൾ
അവിടെയുള്ള തൊഴിലാളികളെ പുനഃരധിവസിപ്പിക്കേണ്ടത് എങ്ങനെയെന്നുള്ള ആലോചനകൾ
കാതിക്കുടം സമരത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നു **കെ. സഹദേവൻ**

# പരിസ്ഥിതി – തൊഴിൽ
# സമവായങ്ങൾ സാധ്യമാണ്

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വ്യാവസായിക വളർച്ച വളരെ കുറവാണെങ്കിലും വ്യാവസായിക മലിനീകരണത്തിനെതിരെയുള്ള പ്രതിഷേധങ്ങൾ ഒരുവേള ശക്തമായി നടക്കുന്ന സ്ഥലമാണ് കേരളം. ആളോഹരി ഭൂമിലഭ്യത വളരെ കുറഞ്ഞതായതുകൊണ്ടുതന്നെ വ്യവസായ മലിനീകരണം വളരെ വേഗത്തിൽ ജനങ്ങളിലേക്കെത്തുന്നു എന്നതാണ് ഇതിനുകാരണം. പരിസ്ഥിതി സന്തുലനത്തിന് ക്ഷതമേൽപ്പിക്കുന്ന വികസന-വ്യവസായ പ്രവർത്തനങ്ങൾക്കെതിരെ കേരളത്തിൽ ജനകീയ സമരങ്ങൾ ശക്തിപ്പെടുന്നതും അതുകൊണ്ടാണ്. സൈലന്റ് വാലി, മാവൂർ റയോൺസ്, പെരിങ്ങോം ആണവ നിലയം, പ്ലാച്ചിമട കൊക്കകോള കമ്പനി എന്നിവയ്ക്കെതിരായ സമരങ്ങളുടെയും പശ്ചാത്തലം ഇതാണ്. മാവൂരിലും പ്ലാച്ചിമടയിലും നടന്ന സമരങ്ങൾ മറ്റ് രണ്ടിടങ്ങളിൽ നിന്നും വ്യത്യസ്തമാകുന്നത്, രണ്ടിടങ്ങളിലും നൂറുകണക്കിന് തൊഴിലാളികൾ ഈ വ്യവസായശാലകളുമായി നേരിട്ട് ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു എന്നതുകൊണ്ടാണ്. പരിസ്ഥിതി സമരങ്ങളെ തൊഴിലാളി സംഘടനകൾ എതിർക്കുന്നതിന് പിന്നിൽ തൊഴിൽ നഷ്ടങ്ങൾ പ്രധാന കാരണങ്ങളാകുന്നുണ്ട്.

കാതിക്കുടം നിറ്റാ ജലാറ്റിൻ കമ്പനിക്കെതിരായി തദ്ദേശവാസികൾ നടത്തുന്ന സമരത്തെയും ഈ രീതിയിലാണ് വിലയിരുത്തേണ്ടത്. കമ്പനിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകൾ കാതിക്കുടത്തെ ജനങ്ങൾ നടത്തുന്ന മലിനീകരണ വിരുദ്ധ സമരത്തെ ശക്തമായി എതിർക്കുന്നുണ്ട്. നൂറ്റമ്പതിലധികം വരുന്ന തൊഴിലാളികളുടെ പ്രത്യക്ഷ തൊഴിൽ നഷ്ടമാണ് അവർ ഉന്നയിക്കു പ്രധാന വിഷയം. കാതിക്കുടം സമരം തൊഴിലാളി പ്രസ്ഥാനങ്ങളുമായി നേരിട്ട് സംവദിക്കുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്. ഇത് കാതിക്കുടം സമരസമിതിയുടെ മാത്രം പരാജയമല്ല മറിച്ച് കേരളത്തിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ പൊതുബോധത്തിന്റെ പരാജയമാണ്.




ഒരു വ്യവസായ സ്ഥാപനം അടച്ചുപൂട്ടേണ്ടി വരുമ്പോൾ ആ മേഖലയിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ടത് എങ്ങിനെയായിരിക്കണം എന്നത് സംബന്ധിച്ച് പരിസ്ഥിതി പ്രസ്ഥാനങ്ങൾ വേവലാതിപ്പെടാറില്ല. ഒരു സമരത്തിന് നിദാനമായ വിഷയങ്ങളെ-അവയുടെ ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെ-സംബന്ധിച്ച് ഗൗരവങ്ങളായ പഠനങ്ങൾ നടക്കുമ്പോഴും തൊഴിലാളികളുടെ പുനരധിവാസത്തെക്കുറിച്ച് കാര്യമായ അന്വേഷണങ്ങൾ നടത്താറില്ല. വ്യവസായം, തൊഴിൽ, വികസനം എന്നീ കാര്യങ്ങളിൽ പൊതുസമൂഹത്തിൽ നിലനിൽക്കുന്ന ബോധ്യങ്ങളെ എളുപ്പത്തിൽ മാറ്റിമറിക്കുക സാധ്യമല്ല. പ്രത്യക്ഷമായ തൊഴിൽ നഷ്ടങ്ങൾ പരിസ്ഥിതി സൗഹൃദപരമായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് എങ്ങിനെ പരിഹരിക്കാം എന്നതു സംബന്ധിച്ച് കണക്കെടുപ്പുകൾ നടത്തുമ്പോൾ തന്നെ ആ പ്രദേശത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും തൊഴിലാളികളുടെ പുനരധിവാസത്തിനും ആവശ്യമായ പദ്ധതികൾ കൂടി മുന്നോട്ടുവെക്കാൻ സമരസമിതികൾക്ക് കഴിയണം. ഇത്തരം വിഷയങ്ങളിൽ സംഘടിത തൊഴിലാളി യൂണിയനുകൾ വിരുദ്ധ നിലപാടുകളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെങ്കിലും അവരുമായി നിരന്തര സംവാദങ്ങളിൽ ഏർപ്പെടേണ്ടതും അത്യാവശ്യമാണ്. ഇതിനാവശ്യമായ മുൻകൈകൾ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നുവരേണ്ടതുണ്ട്. വ്യവസായ മലിനീകരണത്തിന്റെ ആദ്യ ഇരകൾ തൊഴിലാളികളാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സഹകരിക്കാൻ തൊഴിലാളി സംഘടനകളും തയ്യാറാകണം.

കാതിക്കുടം സമരത്തിലെങ്കിലും അടിയന്തിരമായി ഈ രീതിയിൽ ഒരിടപെടൽ ഇനിയെങ്കിലും സാധ്യമാക്കണം. അത്തരം സംവാദങ്ങൾക്കായി ചില നിർദ്ദേശങ്ങൾ.

* സമരം സംബന്ധിച്ച വിഷയങ്ങളിൽ സംവാദങ്ങൾക്കായി തൊഴിലാളികളെയും തൊഴിലാളി സംഘടനകളെയും ക്ഷണിക്കുക. തൊഴിലാളി സംഘടനകളെ ശത്രുപക്ഷത്ത് നിർത്താതിരിക്കുക.
* കമ്പനി സൃഷ്ടിച്ച/ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി-ആരോഗ്യ നാശങ്ങളെക്കുറിച്ച് പഠിക്കാൻ സമരസമിതിയുടെ നേതൃത്വത്തിൽ കമ്മറ്റി രൂപീകരിക്കുക. ഈ കമ്മറ്റി തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും പഠിക്കുക.
* പരിസ്ഥിതി പുനഃസ്ഥാപനത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുക.
* തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സമിതി മുൻകൈയ്യെടുക്കുക. ഇക്കാര്യത്തിൽ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്താം.
* തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ രൂപീകരിക്കുമ്പോൾ കാതിക്കുടത്തെയും പരിസരപ്രദേശങ്ങളിലെയും ജനങ്ങളുടെ ആവശ്യങ്ങളും വിഭവങ്ങളുടെ ലഭ്യതയും പരിഗണനാ വിഷയങ്ങൾ ആകേണ്ടതുണ്ട്. പരിസ്ഥിതി സൗഹൃദപരങ്ങളായ പദ്ധതികൾക്കാകണം മുൻഗണന.

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 21. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com